15 (18) വിദേശത്തു ജോലി നോക്കുന്നവർ തിരികെ സർവ്വീസിൽ പ്രവേശിക്കുന്നതു സംബന്ധിച്ച്

ശ്രീ. പി.കെ.അബ്ദു റബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ദീർഘകാല അവധിയിൽ വിദേശത്ത് ജോലി നോക്കുന്നവർ പെൻഷനാകുന്നതിന് ഒരു വർഷം മുൻപ് സർവ്വീസിൽ തിരികെ പ്രവേശിക്കണമെന്ന ഉത്തരവ് മുൻകാല പ്രാബല്യത്തോടെ ക്യാൻസൽ ചെയ്തതായി സർക്കാർ പത്രക്കുറിപ്പ് നൽകിയത് എന്നാണ്;

(ബി) ഇങ്ങനെ പത്രക്കുറിപ്പ് നൽകിയെങ്കിലും, ധനകാര്യ വകുപ്പിലെ പെൻഷൻ സെക്ഷൻ ഇക്കാര്യത്തിൽ എതിരഭിപ്രായം നൽകുന്നത് എന്തു കൊണ്ടാണ്;

(സി) ഇതു കാരണം സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ ഇതു സംബന്ധിച്ച എത്ര ഫയലുകൾ പെന്റിംഗിലുണ്ട്;

(ഡി) സർക്കാർ പത്രക്കുറിപ്പ് നൽകിയശേഷം അതിനെതിരായ നില പാട് ധനകാര്യ വകുപ്പ് എടുക്കുന്നതുകൊണ്ട് നൂറുകണക്കിന് ജീവനക്കാർക്ക് പെൻഷനും മറ്റും ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ദീർഘകാല അവധിയെടുക്കുന്നവർ പെൻഷനാകുന്നതിന് ഒരു വർഷത്തിനു മുൻപ് തിരികെ സർവ്വീസിൽ പ്രവേശിക്കണമെന്ന വ്യവസ്ഥ റദ്ദാക്കുമോ?

ഉത്തരം

(എ) ദീർഘകാല അവധിയിൽ വിദേശത്ത് ജോലിനോക്കുന്നവർ പെൻഷനാകുന്നതിന് ഒരുവർഷം മുൻപ് സർവ്വീസിൽ തിരികെ പ്രവേശിക്കണമെന്ന ധനകാര്യ വകുപ്പ് പെൻഷൻ-ബി വിഭാഗത്തിന്റെ നം.(പി) 684/97/ധന തീയതി 8.8.1997 എന്ന സർക്കാർ ഉത്തരവ് ഇതുവരെയും ക്യാൻസൽ ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ ടി 6.6.1997ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി തീരുമാനം കെ.എസ്.ആർ. പാർട്ട് ഒന്നിന്റെ ഭാഗമാക്കുന്നതിനുവേണ്ടി ധനകാര്യ വകുപ്പ് റൂൾസ് വിഭാഗം പുറപ്പെടുവിച്ച സ.ഉ. (പി) നം. 1513/98/ധന തീയതി 1.6.98, സ.ഉ. (പി) നം.1810/98/ധന. തീയതി 24.7.98 എന്നീ സർക്കാർ ഉത്തരവുകളനുസരിച്ച് ഒരു വർഷത്തിനുള്ളിൽ ജോലിയിൽ തിരികെ പ്രവേശിച്ചില്ലായെങ്കിൽ മുൻകൂർ സർവ്വീസ് നഷ്ടപ്പെടുമെന്ന് ഉത്തരവായിരുന്നു. ഇതാണ് 18.5.2000 ലെ സ.ഉ.(പി) 887/2000/ധന. പ്രകാരം ക്യാൻസൽ ചെയ്തതായി പത്രക്കുറിപ്പ് നൽകിയിട്ടുള്ളത്.

പെൻഷൻ ബി. സെക്ഷനിൽ നിന്നും 8.8.97-ൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവ്, കെ.എസ്.ആറിലെ മൂന്നാം ഭാഗം 113, 115 എന്നീ ചട്ടങ്ങൾ പ്രകാരം റിട്ടയർ ചെയ്യുന്നതിനു മുൻപ് ജീവനക്കാർ ചെയ്യേണ്ട കാര്യങ്ങൾ പ്രതിപാദിച്ചു കൊണ്ടുള്ള ഒരു വിശദീകരണ ഉത്തരവാണ്. പെൻഷൻ ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പെൻഷൻ പേപ്പറുകൾ യഥാസമയം തയ്യാറാക്കുന്നതിനും ബാദ്ധ്യതകൾ തിട്ടപ്പെടുത്തുന്നതിനും വേണ്ടിയാണ് ദീർഘകാല അവധിയിലായിരിക്കുന്നവർ റിട്ടയർമെന്റിന് ഒരു വർഷം മുൻപ് ജോലിയിൽ തിരികെ പ്രവേശിക്കണമെന്ന് നിർദ്ദേശിച്ചത്. പ്രസ്തുത ഉത്തരവ് റദ്ദു ചെയ്യപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി&ഡി) യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) വിദേശത്ത് ജോലിയിൽ തുടരുന്നതിന് ഇപ്പോൾ 20 വർഷം വരെ അവധി അനുവദിക്കുന്നുണ്ട്. 20 വർഷങ്ങൾക്കുശേഷം വിദേശത്തുള്ള ജോലിയും അവസാനിപ്പിച്ച് റിട്ടയർമെന്റ് തീയതിയും കഴിഞ്ഞ് തിരികെ വന്ന് പെൻഷൻ ആവശ്യപ്പെടുമ്പോൾ അദ്ദേഹത്തിന്റെ സർവ്വീസ് വിവരങ്ങൾ കണ്ടെടുത്ത് പെൻഷൻ അനുവദിക്കുകയെന്നുള്ളത് വളരെ പ്രയാസകരമായതിനാൽ റിട്ടയർമെൻറിന് ഒരുവർഷം മുൻപ് ജോലിയിൽ തിരികെ പ്രവേശിച്ച് പെൻഷൻ അപേക്ഷ നൽകുന്നതാണ് ജീവനക്കാർക്കും സർക്കാരിനും നല്ലത്. അതിനാൽ ടി വ്യവസ്ഥ റദ്ദുചെയ്യാൻ ഉദ്ദേശിക്കുന്നില്ല.

16(19) പി.എസ്.സി. മുഖാന്തിരം നടത്തിയ നിയമനങ്ങൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-മെയ് മാസം മുതൽ നാളിതുവരെയായി പി.എസ്.സി. മുഖാന്തിരം ആകെ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട്;

(ബി) പട്ടികജാതി-പട്ടികവർഗ്ഗം, മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നീ വിഭാഗങ്ങളിൽ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്;

(സി) മേൽ കാലയളവിൽ എത്ര റാങ്ക് ലിസ്റ്റുകൾ പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത കാലയളവിൽ നിയമനത്തിനായി എത്ര പരീക്ഷകൾ പി.എസ്.സി. നടത്തിയിട്ടുണ്ട്;

(ഇ) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമന നടപടി ത്വരിതപ്പെടുത്തുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2000 നവംബർ 30 വരെ 96954 പേർക്ക് പി.എസ്.സി. യിൽ നിന്നും നിയമനത്തിനുള്ള ശുപാർശ നൽകിയിട്ടുണ്ട്.

(ബി,സി,ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഒഴിവുകൾ അപ്പപ്പോൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിയമന അധികാരികൾക്കും വകുപ്പു മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

17(20) താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ നടപടി

ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly